# CAREER Updates
# പത്രവൃത്താന്തം

**28.07.2024 (ഞായർ)**



- ⇨ 2024 ജൂലൈയിൽ പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ ആയി നിയമിതനായ മലയാളി
- ✔ കെ. കൈലാഷ്നാഥൻ
- ♦ രാജസ്ഥാൻ, തെലങ്കാന, സിക്കിം, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, മേഘാലയ, മഹാരാഷ്ട്ര, പഞ്ചാബ്-ചണ്ഡിഗഢ്, പുതുച്ചേരി എന്നിവിടങ്ങളിലാണ് 2024 ജൂലൈയിൽ പുതിയ ഗവർണർമാരെ നിയമിച്ചത്.
- ♦ ഹരിഭാഹു കിസൻറാവു ബാഗ്ഡെ ആണ് രാജസ്ഥാൻ ഗവർണർ ആയി നിയമിതനായത്. ജിഷ്ണുദേവ് വർമയെ തെലങ്കാന ഗവർണറായും ഓം പ്രകാശ് മാത്തൂറിനെ സിക്കിം ഗവർണറായും സന്തോഷ് കുമാർ ഗാങ്വാറിനെ ഝാർഖണ്ഡ് ഗവർണറായും രമൺ ദേകയെ ഛത്തീസ്ഗഢ് ഗവർണറായും നിയമിച്ചു. മേഘാലയയിൽ സി.എച്ച്. വിജയശങ്കറും മഹാരാഷ്ട്രയിൽ സി.പി. രാധാകൃഷ്ണനും ഗവർണർമാരായി നിയമിക്കപ്പെട്ടു.
- ♦ ഗുലാബ്ചന്ദ് കഠാരിയയെ പഞ്ചാബ് ഗവർണറായും ചണ്ഡിഗഢ് അഡ്മിനിസ്ട്രേറ്ററായും നിയമിച്ചു. അസം ഗവർണറായി നിയമിതനായ ലക്ഷമൺ പ്രസാദ് ആചാര്യയ്ക്ക് മണിപ്പൂർ ഗവർണറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്.

---

- ⇨ ഒളിമ്പിക്സിൽ ഷൂട്ടിംഗിൽ മെഡൽ നേടിയ ആദ്യത്തെ ഇന്ത്യൻ വനിത
- ✔ മനു ഭാക്കർ
- ♦ 2024-ലെ പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെങ്കല മെഡലാണ് മനു ഭാക്കർ സ്വന്തമാക്കിയത്. പാരീസ് ഒളിമ്പിക്സിലെ ഇന്ത്യയുടെ ആദ്യ മെഡൽ കൂടിയാണ് ഹരിയാന സ്വദേശിനിയായ മനു ഭാക്കർ നേടിയത്.
- ⇨ ലോക പ്രകൃതിസംരക്ഷണ ദിനമായും ലോക ഹെപ്പറ്റൈറ്റിസ് ദിനമായും ആചരിക്കപ്പെടുന്നത്
- ✔ ജൂലൈ 28
- ⇨ കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്ന പണം ഇടപാടുകൾക്കായി നിലവിൽ വരുന്ന പുതിയ സംവിധാനം
- ✔ ഇ-പോസ് യന്ത്രം
- ⇨ 2024 ജൂലൈയിൽ പശ്ചിമഘട്ടത്തിൽ നിന്ന് കണ്ടെത്തിയ, വംശനാശ ഭീഷണി നേരിടുന്ന രണ്ട് വൃക്ഷ ഇനങ്ങൾ
- ✔ ബീൽഷ്മീഡിയ കേരളാന, റ്റാറിന ഇടുക്കിയാനാ
- ⇨ യാത്രക്കാർക്ക് ഉദ്യോഗസ്ഥരുടെ ഇടപെടലില്ലാതെ സ്വയം ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായുള്ള ഫാസ്റ്റ്ട്രാക്ക് ഇമിഗ്രേഷൻ സംവിധാനം നടപ്പിലാക്കിയ കേരളത്തിലെ ആദ്യത്തെ വിമാനത്താവളം
- ✔ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം
- ♦ ഫാസ്റ്റ് ഇമിഗ്രേഷൻ സംവിധാനം നടപ്പിലാക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ വിമാനത്താവളമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. ഡൽഹി വിമാനത്താവളത്തിലാണ് ആദ്യമായി ഈ സംവിധാനം നടപ്പിലാക്കപ്പെട്ടത്.

CAREER GUIDANCE BUREAU

**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999